# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 938** **07.02.2013-ൽ മറുപടിയ്ക്ക്**

## ബ്ലൂ ബ്രിഗേഡ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നാണ് ആരംഭിച്ചതെന്നും പ്രസ്തുത സംവിധാനം എന്തെല്ലാം പ്രവൃത്തികളാണ് നടത്തുന്നതെന്നും വിശദമാക്കുമോ ; | (എ) കോഴിക്കോട് ജില്ലയിൽ പി.എച്ച്. ഡിവിഷനുകളിൽ ബ്ലൂ ബ്രിഗേഡ് 3.10.2009 ന് ആണ് നിലവിൽ വന്നത്. അത്യാവശ്യഘട്ടങ്ങളിൽ കരാർ സംവിധാനങ്ങൾ പരാജയപ്പെട്ടപ്പോൾ അറ്റകുറ്റ പ്രവൃത്തികൾ നേരിട്ട് നടത്താനാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. കോഴിക്കോട് നഗര ശുദ്ധജലവിതരണ പദ്ധതിയിലെ വിതരണ ശൃംഖലയിലെ ചെറിയ അറ്റകുറ്റ പണികളാണ് അന്ന് നടത്തിയിരുന്നത്. |
| (ബി) ആയതിന്റെ ഘടന എന്താണെന്ന് വിശദമാക്കുമോ : | (ബി) ഡിസ്ട്രിബ്യൂഷൻ സബ്ഡിവിഷൻ അസി. എക്സി.എഞ്ചിനീയറും അസി. എഞ്ചിനീയറും ഒരു പ്ലംബറുമടങ്ങുന്നതായിരുന്നു ഈ സംഘം. അത്യാവശ്യഘട്ടങ്ങളിൽ അറ്റകുറ്റ പ്രവൃത്തികൾ നേരിട്ട് നടത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ പുറമെ നിന്നും ഫിറ്റർ മാരെയും മസ്ദൂർമാരെയും ഏർപ്പാടാക്കിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ? | (സി) | പ്രസ്തുത സംവിധാനം ഇപ്പോൾ ഫലവത്തായി പ്രവർത്തിക്കുന്നില്ല. പ്രധാനമായും ഫണ്ടിന്റെ ലഭ്യതക്കുറവാണ് കാരണം. പുറമേ നിന്നും വിളിക്കുന്ന കൂലിക്കാർ ഏ. ർപ്പെടുന്ന പ്രവൃത്തിയായതുകൊണ്ട് പ്രവൃത്തി കഴിഞ്ഞാൽ കൂലിക്കാർക്ക് നേരിട്ട് കൂലി നൽകേണ്ടതുണ്ട്. മുൻകൂർ ഫണ്ട് ലഭിക്കാത്തതിനാൽ ഇത്തരത്തിൽ നേരിട്ട് പ്രവർത്തി ഏർപ്പാടാക്കാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതി ഡിസ്ട്രിബ്യൂഷൻ ഒന്നിലും രണ്ടിലും അറ്റകുറ്റപണികൾ റണ്ണിംഗ് കോൺട്രാക്ട് വഴി വളരെ ഫലവത്തായി നടപ്പിലാക്കി കൊണ്ടിരിക്കുന്നുണ്ട്. അറ്റകുറ്റപണികൾ ശ്രദ്ധയിൽപ്പെട്ടാൽ 24-48 മണിക്കൂറിനകം തന്നെ അറ്റകുറ്റ പ്രവൃത്തികൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ